പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2521 — 19.06.2013 ന് മറുപടിയ്ക്ക്

**കഴിഞ്ഞ സാമ്പത്തിക വർഷം തുടങ്ങാൻ അനുമതി ലഭിച്ച ഐ.ടി.ഐ.കൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്) 134/2012/എൽ.ബി.ആർ തീയതി 19.05.2012 പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം തുടങ്ങാൻ അനുമതി ലഭിച്ച നാല് ഗവൺമെന്റ് ഐ.ടി.ഐ. കളിൽ ഏതെങ്കിലും ഇതിനകം ആരംഭിച്ചിട്ടുണ്ടോ; | (എ) ആരംഭിച്ചിട്ടുണ്ട്. |
| (ബി) എവിടെയെല്ലാമാണ് അവ സ്ഥാപിക്കുന്നത്; ആരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) 1. കഞ്ഞിക്കുഴി (ഇടുക്കി)<br>2. താഴെക്കോട് (മലപ്പുറം)<br>3. വെസ്റ്റ് എളേരി (കാസർഗോഡ്)<br>4. ചങ്ങനാശ്ശേരി(കോട്ടയം) എന്നീ സ്ഥലങ്ങളിലാണ് പ്രസ്തുത ഐ.ടി.ഐ.കൾ സ്ഥാപിച്ചിട്ടുള്ളത്.<br><br>*കഞ്ഞിക്കുഴി (ഇടുക്കി ജില്ല)* – ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിലെ തള്ളക്കാനത്ത് ഗവ. എൽ.പി. സ്കൂളിനോട് ചേർന്നുള്ള കെട്ടിടങ്ങളിലായി ഡി/സിവിൽ, ഡി.റ്റി.പി.ഒ. ട്രേഡുകളിൽ 2012-13 സാമ്പത്തിക വർഷം പ്രവർത്തനമാരംഭിച്ചു.<br>*താഴെക്കോട് (മലപ്പുറം ജില്ല)* – മലപ്പുറം ജില്ലയിലെ താഴെക്കോട് (വനിത) ഐ.ടി.ഐ. താഴെക്കോട് ഗ്രാമ പഞ്ചായത്ത് അനുവദിച്ച താത്ക്കാലിക കെട്ടിടത്തിൽ ഡ്രാഫ്റ്റ്സ്മാൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡുകളിൽ 2012-13 സാമ്പത്തിക വർഷം പ്രവർത്തനമാരംഭിച്ചു.<br><br>*വെസ്റ്റ് എളേരി (കാസർഗോഡ് ജില്ല)* – കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരിയിൽ ഗ്രാമ പഞ്ചായത്ത് അനുവദിച്ച താത്ക്കാലിക കെട്ടിടത്തിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഡി.റ്റി.പി.ഒ., ഫാഷൻ ടെക്നോളജി എന്നീ ട്രേഡുകളോടെ 2012-13 വർഷം പ്രവർത്തനമാരംഭിച്ചു. |

*ചങ്ങനാശ്ശേരി (കോട്ടയം ജില്ല)* – ചങ്ങനാശ്ശേരി, പെരുന്ന എൽ.പി. സ്കൂളിലെ കെട്ടിടമാണ് ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, താൽക്കാലികമായി ഐ.ടി.ഐ. ആരംഭിക്കുവാൻ ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്കൂൾ പി.ടി.എ ഇടപെട്ട് ബഹു.ഹൈക്കോടതിയിൽ നിന്നും ടി സ്ഥലത്ത് ഐ.ടി.ഐ. തുടങ്ങുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവ് സമ്പാദിച്ചിരുന്നതിനാൽ 2012 ൽ ടി സ്ഥാപനം പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചില്ല. മുനിസിപ്പാലിറ്റി സ്ഥല സൗകര്യം ലഭ്യമാക്കിയാൽ ഈ വർഷം അഡ്മിഷൻ നടപടികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

2012-13 സാമ്പത്തിക വർഷം 250 ലക്ഷം രൂപ, കെട്ടിട നിർമ്മാണം, സാധന സാമഗ്രികളുടെ സംഭരണം എന്നിവയ്ക്കായി അനുവദിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ കെട്ടിട നിർമ്മാണം നടത്തുവാൻ സാധിച്ചിട്ടില്ല.

ആവശ്യമായ പഠനോപകരണങ്ങൾ സംഭരിക്കുന്ന നടപടികൾ തുടർന്നുവരുന്നു.

സെക്ഷൻ ഓഫീസർ